**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **08-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് ബജറ്റ് വിഹിതം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിനുള്ള ബജറ്റ് വിഹിതം 10 കോടി ആക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്, കോവിഡ്-19 മൂലം തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 2021-22 സാമ്പത്തിക വർഷം തന്നെ ബോർഡിന് 10 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി പ്രസ്തുത സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സ്പെഷ്യലായി അലോക്കേറ്റ് ചെയ്ത വാർഷിക ആന്വറ്റി അനുവദിക്കുകയുണ്ടായില്ല. |
| (ബി) | പ്രസ്തുത ദേവസ്വം ബോർഡിന് നിലവിൽ ബജറ്റ് വിഹിതമായി എത്ര തുകയാണ് അനുവദിക്കുന്നതെന്നും ഈ ഇനത്തിൽ എത്ര സാമ്പത്തിക വർഷത്തെ തുക നൽകാനുണ്ടെന്നും വിശദമാക്കാമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലവിലെ വാർഷിക സഹായം 80 ലക്ഷം രൂപയാണ്. 2021-22 സാമ്പത്തിക വർഷത്തെ 80 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷത്തെ 64 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷത്തെ 80 ലക്ഷം രൂപയും തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിക്കാനുണ്ട്.<br><br>മുൻ സാമ്പത്തിക വർഷങ്ങളിൽ ആന്വൽ കോൺട്രിബ്യൂഷനേക്കാൾ അധികം തുക സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുള്ളതിനാലാണ് ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ കുടിശ്ശിക തുക അനുവദിക്കാൻ കഴിയാതിരുന്നത്. എന്നാൽ വാർഷിക സഹായ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം വരെ ബജറ്റ് പ്രൊവിഷൻ 1 കോടിയായിരുന്നത് നടപ്പ് സാമ്പത്തിക വർഷത്തിൽ 1.50 കോടി രൂപയായി ഉയർത്തിയിട്ടുമുണ്ട്. |
| (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകാനുള്ള ബജറ്റ് വിഹിതം അനുവദിക്കുന്നതിനു അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ